(ബി) ജില്ലയിലെ നിലവിലുള്ള മുഴുവൻ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാ ഓഫീസർമാരുടെ റിപ്പോർട്ട് അനുസരിച്ച് അവരുടെ വകുപ്പിലുള്ള ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ അധികാരമില്ലാത്ത ജില്ലാ ഓഫീസർമാർ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി വകുപ്പ് തലവൻമാർക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ജില്ലയിലെ നിലവിലുള്ള മുഴുവൻ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് ഒഴിവുകളും നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ ഓഫീസർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്താൻ നടപടി

56 [2486] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഈ തസ്തികകളിൽ പ്രൊമോഷൻവഴി നികത്തേണ്ടതും, പി.എസ്.സി. വഴി നികത്തേണ്ടതും നേരിട്ട് നിയമനം നടത്തേണ്ടതും എത്ര വീതമാണെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഈ തസ്തികകളിൽ ദിവസക്കൂലി, കരാർ, എംപ്ലോയ്മെന്റ് നിയമനം ഇവയിൽ ഏതെങ്കിലുമായി താൽക്കാലിക ജോലി നോക്കുന്നവരുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ഉടൻ സ്ഥിരം നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly